# കേരള സർവകലാശാല

നം.പി.ആർ.157/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

ആഗസ്റ്റ് 8 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

ജൂലൈ 30 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് I, II & III സബ്സിഡിയറി വിഷയങ്ങളായ സ്റ്റാറ്റിസ്റ്റിക്സ് & അക്കൗണ്ടിംഗ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

ജൂലൈ 24 മുതൽ ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി), നാലാം സെമസ്റ്റർ സി.ബി.സി.എസ് (കരിയർ റിലേറ്റഡ്) ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ, ബി.എസ്.സി, ബി.കോം, ബി.പി.എ, ബി.ബി.എ, ബി.സി.എ, ബി.എം.എസ്, ബി.എസ്.ഡബ്ല്യൂ, ബി.വോക് പരീക്ഷകൾ ജൂലൈ 26 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 23 മുതൽ 25 വരെ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി) ഏപ്രിൽ 2019 പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ (2008 സ്കീം) പ്രാക്ടിക്കൽ ജൂലൈ 24 ന് എസ്.സി.റ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും, റ്റി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലത്തും നടക്കുന്നതാണ്. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ (2008 & 2013 സ്കീം) ജൂലൈ 24, 26 തീയതികളിൽ സി.ഇ.റ്റി തിരുവനന്തപുരം, മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വെഞ്ഞാറമൂട്, റ്റി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലം, രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി നഗരൂർ, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

**2019 ജൂണിൽ നടന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുളള അവസാന തീയതി ജൂലൈ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.**

**2019 ജനുവരിയിൽ നടന്ന ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 138 2 (b), 2013 അഡ്മിഷന് മുൻപ് (മേഴ്സിചാൻസ് – 2010 & 2011 അഡ്മിഷൻ, സപ്ലിമെന്ററി – 2012 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.**

## പരീക്ഷാഫീസ്

**എട്ടാം സെമസ്റ്റർ ബി.ഡെസ്സ് ഡിഗ്രി 2019 ആഗസ്റ്റ് 7 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ജൂലൈ 26 വരെയും 150 രൂപ പിഴയോടെ ജൂലൈ 29 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 1 വരെയും അപേക്ഷിക്കാം.**

**ജൂലൈയിൽ നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോഴ്സിന്റെ രണ്ട് (2018 സ്കീം – റെഗുലർ, 2014 സ്കീം – ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി, 2011 സ്കീം – സപ്ലിമെന്ററി), നാല് (2014 സ്കീം – റെഗുലർ, 2011 സ്കീം – സപ്ലിമെന്ററി), ആറ് (2011 സ്കീം – സപ്ലിമെന്ററി) സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 26 വരെയും 50 രൂപ പിഴയോടെ ജൂലൈ 29 വരെയും 125 രൂപ പിഴയോടെ ആഗസ്റ്റ് 1 വരെയും അപേക്ഷിക്കാം. 2014, 2018 സ്കീമിലുളളവർ ഓൺലൈനായി മാത്രം അപേക്ഷിക്കുക.**

## അപേക്ഷ ക്ഷണിക്കുന്നു

അറബി വിഭാഗം ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമമ്യൂണിക്കേറ്റീവ് അറബിക് പ്രഥമ ബാച്ചിലേക്ക് അപേക്ഷക്ഷണിച്ചു. പാർട്ട് ടൈം -വീക്കെൻഡ് ആയിട്ടാണ് കോഴ്സ്നടക്കുന്നത്. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക് , മുൻഷിഅറബിക് , അറബിക് ടീച്ചേർസ് എക്സാമിനേഷൻ, ഡിഗ്രി (അറബിക് സെക്കന്റ് ഭാഷയായിരിക്കണം),ഓറിയന്റൽ ടൈറ്റിൽ (ആലിം / ഫാളിൽ), ഫീസ്:6000/-, സീറ്റുകൾ:15. അപേക്ഷഫോമുകളും വിശദ വിവരങ്ങളും: കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിലും അറബിക് വിഭാഗത്തിന്റെ വെബ്സൈറ്റിലും (www.arabicku.in) ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 10,ഫോൺ:9747318105, 9562722485

## ഒന്നാം വർഷ ബിരുദ പ്രവേശനം 2019

## സ്വാശ്രയ കോളേജുകളിലെ പുതിയ കോഴ്സുകൾക്ക് അഡ്മിഷൻ കേരള സർവകലാശാല സെനറ്റ് ഹാളിൽ 22.07.2019 – ന്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളായ 1) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS), തൈക്കാട്, തിരുവനന്തപുരം ബി.കോം (ഇലക്ടീവ്- ട്രാവൽ ആന്റ് ടൂറിസം) 40 സീറ്റും, (2) എൻ.എസ്.എസ് ആർട്സ് ആന്റ് സയൻസ് കോളേജ്, പേരയം, കുണ്ടറയിൽ ബി.എസ്സി. ഫിസിക്സും (32 സീറ്റ്) അനുവദിച്ചിരിക്കുന്നു. മേൽ പറഞ്ഞ കോഴ്സുകളുടെ മെറിറ്റ് സീറ്റുകളിലേയ്ക്ക് കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് 22.07.2019 – ന് അഡ്മിഷൻ നടത്തുന്നു. 22.07.2019 – ന് രാവിലെ 11 മണി വരെ ഹാജരാകുന്നവരിൽ നിന്നും റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ്, ഫീസ്, നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉള്ളവർ അതിന്റെ ഏറ്റവും പുതിയ പ്രിന്റൗട്ട് എന്നിവ കൊണ്ടുവരേണ്ടതാണ്. എസ്.സി/എസ്.ടി, മറ്റു സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല.

നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവർ അഡ്മിഷന് വരുമ്പോൾ (https://admissions.keralauniversity.ac.in/ug2019/) എന്ന വെബ്സൈറ്റിലെ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈൻ പ്രിന്റൗട്ട് കൊണ്ടുവരേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 1850/- രൂപയും എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് 930/- രൂപയും) കൊണ്ടുവരേണ്ടതാണ്. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
20-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098